സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - സബ്ഗ്രൂപ്പുകളുടെ പുന:ക്രമീകരണം - മാവേലിക്കര ഗ്രൂപ്പിലെ കണ്ണമംഗലം സബ്ഗ്രൂപ്പിന്റെ പേര് പത്തിയൂർ സബ്ഗ്രൂപ്പ് എന്നാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 87/12/Est-1** നന്തൻകോട്, **27/05/2022**

---

പരാമർശം :- 1) 16-12-2020 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 23-11-2021 ലെ ROC 8736/15/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

മാവേലിക്കര ഗ്രൂപ്പിലെ കണ്ണമംഗലം സബ്ഗ്രൂപ്പിന്റെ ആഫീസ് പ്രവർത്തനം പത്തിയൂർ ദേവസ്വത്തിലേക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം -1).

ഹരിപ്പാട് ഗ്രൂപ്പിലെ പത്തിയൂർ സബ്ഗ്രുപ്പ് മാവേലിക്കര ഗ്രൂപ്പിലേക്ക് മാറ്റി കണ്ണമംഗലം സബ്ഗ്രൂപ്പുമായി യോജിപ്പിച്ചെങ്കിലും ഭരണ സൗകര്യവും ആഫീസ് പ്രവർത്തന സൗകര്യവും കണക്കിലെടുത്ത് കണ്ണമംഗലം സബ്ഗ്രൂപ്പിന്റെ ആസ്ഥാനം പത്തിയൂരിലേക്ക് മാറ്റിയിട്ടുള്ളതായും ദേവസ്വങ്ങളിലെ വരുമാനം കണക്കാക്കുമ്പോൾ കണ്ണമംഗലം ദേവസ്വത്തിലേക്കാൾ വരുമാനം പത്തിയൂർ ദേവസ്വത്തിലാണെന്നും വരുമാനം കൂടിയ ദേവസ്വത്തിന്റെ പേരിനൊപ്പം സബ്ഗ്രൂപ്പിന്റെ പേര് അറിയപ്പെടുന്നതാണ് ഉചിതമെന്നും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (പരാമർശം -2).

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

നിലവിൽ കണ്ണമംഗലം സബ്ഗ്രൂപ്പിന്റെ ആസ്ഥാനം പത്തിയൂർ ദേവസ്വത്തിൽ ആകയാൽ ദേവസ്വം കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് കണ്ണമംഗലം സബ്ഗ്രൂപ്പിന്റെ പേര് പത്തിയൂർ സബ്ഗ്രൂപ്പ് എന്നാക്കി മാവേലിക്കര ഗ്രൂപ്പിൽ നിലനിർത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK